# THE PLANTATION CORPORATION OF KERALA LTD

Registered Office: Kottayam-4

PCK/SAL-F-200/760 18/05/2026

## ടെണ്ടർ നോട്ടീസ്

PCK യുടെ കൊടുമൺ ഫാക്ടറി, TSR ഫാക്ടറി എന്നീ യൂണിറ്റുകളിൽ സൂക്ഷിച്ചിരിക്കുന്ന ഉദ്ദേശം **156.255 M T റബ്ബർ സ്ക്രാപ്പ്** വിൽപനക്കായി മത്സരാടിസ്ഥാനത്തിലുള്ള ഇ-ദർഘാസ്സുകൾ ക്ഷണിക്കുന്നു.

1. കൊടുമൺ ഫാക്ടറി - 120.000 MT
2. TSR ഫാക്ടറി - 36.255 MT

ടെണ്ടറുകാർക്ക് അവരുടെ ടെണ്ടറുകൾ കേരള ഗവണ്മെന്റ് ഇ-ടെണ്ടർ പോർട്ടൽ മുഖേന(https://www.etenders.kerala.gov.in) സമർപ്പിക്കാവുന്നതാണ്. ഇ-ടെൻഡറിൽ പങ്കെടുക്കുന്നവർക്ക് ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരം ഉണ്ടായിരിക്കുന്നതാണ്

## ദർഘാസ് വ്യവസ്ഥകൾ:-

1. റബ്ബർ ബോർഡ് രജിസ്റ്റേർഡ് വ്യാപാരികൾക്കും റബർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും മാത്രമെ ഇ-ദർഘാസിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളു. ഇ-ദർഘാസിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി 10,000/ രൂപാ കോർപറേഷനിൽ കെട്ടിവെക്കേണ്ടതാണ്. ഒറിജിനൽ രേഖകളും അവയുടെ കോപ്പികളും ടെണ്ടർ വേരിഫിക്കേഷന് സമർപ്പിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ കൊടുമൺ ഫാക്ടറി, TSR ഫാക്ടറി എന്നീ യൂണിറ്റുകളിൽ പോയി ഓട്ടുപാലിൻറെ തൂക്കവും, ഗുണനിലവാരവും മറ്റും നേരിട്ടു കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. ടെൺണ്ടർ സമർപ്പിച്ചതിനുശേഷം ഇതിനെ സംബന്ധിച്ച് ഉന്നയിക്കുന്ന യാതൊരു അവകാശ വാദങ്ങളും പരിഗണിക്കുന്നതല്ല.
3. **ടെണ്ടറിൽ പങ്കെടുക്കുന്നവർ താഴെ ചേർത്തിരിക്കുന്ന പ്രകാരം നിരക്കുകൾ (നികുതി ഒഴികെ) രേഖപ്പെടുത്തേണ്ടതാകുന്നു:**

   **റബ്ബർ സ്ക്രാപ്പ് :-** കൊടുമൺ ഫാക്ടറി, TSR ഫാക്ടറി - നിശ്ചിത മാതൃകയിൽ ഒരു കിലോഗ്രാമിന്(100% DRC) നൽകാവുന്ന ഏറ്റവും കൂടിയ നിരക്ക് നൽകേണ്ടതാണ്.

4. ഇ-ദർഘാസിൽ പങ്കെടുക്കുന്നവർ ടെണ്ടർ കണ്ടീഷൻ ഇ-ടെണ്ടർ പോർട്ടലിൽ നിന്നും ഡൗൺ ലോഡ് ചെയ്ത് എല്ലാപേജിലും ഒപ്പ് രേഖപ്പെടുത്തി അപ്പ്ലോഡ് ചെയ്യേണ്ടതാണ്.
5. ടെണ്ടർ ഉറപ്പിച്ചുകൊണ്ട് അറിയിപ്പ് ലഭിക്കുന്നയാൾ കൺഫർമേഷൻ തീയതി മുതൽ 2 ദിവസങ്ങൾക്കുള്ളിൽ റബ്ബർ ഇനത്തിന്റെ വില്പന തുകയുടെ 50% തുക കോർപറേഷനിൽ അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൺഫർമേഷൻ ഓർഡർ ഒരറിയിപ്പും കൂടാതെ ക്യാൻസലായിരിക്കും. ബാക്കി വരുന്ന 50% തുക കൺഫർമേഷൻ തീയതി മുതൽ 6 ദിവസങ്ങൾക്കുള്ളിൽ അടക്കേണ്ടതാണ്.
6. ടെണ്ടർ കണ്ടീഷൻ 5 പ്രകാരം 100% തുകയും നല്കിയിട്ടില്ലായെങ്കിൽ ടെണ്ടറുകാരൻ 25% പലിശ സഹിതം 3 ദിവസം വരെ അനുവദിക്കുന്നതാണ്. അതിനു ശേഷവും തുക അടക്കാത്തവരുടെ കൺഫർമേഷൻ ഓർഡർ ഒരറിയിപ്പും കൂടാതെ ക്യാൻസലായിരിക്കും. പ്രസ്തുത വ്യക്തി/സ്ഥാപനം അടച്ചിരിക്കുന്ന നിരതദ്രവ്യം കോർപറേഷനിലേക്കു കണ്ടു കെട്ടുകയും പ്രസ്തുത സ്ഥാപനത്തിന്റെ/വ്യക്തിയുടെ നഷ്ടോത്തരവാദിത്വത്തിൽ ഇ ദർഘാസ് നടത്തുകയും അതുമൂലം കോർപറേഷന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതും പ്രസ്തുത വ്യക്തി / സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതും പ്രസ്തുത വ്യക്തിയെ/സ്ഥാപനത്തെ കോർപറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും തുടർന്നുള്ള ഒരു ടെൻഡറിലും പങ്കെടുക്കാൻ സാധിക്കാത്തതുമാകുന്നു.

7. ടെണ്ടർ അംഗീകരിച്ച് 6 ദിവസംവരെ അംഗീകരിച്ച നിരക്ക് പ്രാബല്യത്തിൽ ഇരിക്കുന്നതും, അതിനുശേഷം പണം അടയ്ക്കുന്ന ദിവസം ആർ.എസ്.എസ്.5–ന്റെ വിലയിലുളള വർദ്ധനവ് കണക്കിലെടുത്ത് നിരക്ക് ബാധകമാകുന്നതും, വർദ്ധനവ് ഇല്ലെങ്കിൽ അംഗീകരിച്ച നിരക്ക് തന്നെ ബാധകമാകുന്നതുമായ തരത്തിൽ പണം ഈടാക്കുന്നതുമാണ്.
8. ദർഘാസ് സമർപ്പിക്കുന്നവർ ടാക്സുകളും , ഇൻഷുറൻസും, ഫ്രെയ്റ്റുകളും ഒഴികെയുള്ള ഒരു കിലോഗ്രാമിനുള്ള (100% DRC ക്കുള്ള) വിലയാണ് കാണിച്ചിരിക്കേണ്ടത്.
9. റബ്ബർ ഉൽപന്നങ്ങൾ ലിഫ്റ്റ് ചെയ്യുന്ന സമയത്ത് ഉൽപ്പന്നത്തിന്റെ തൂക്കത്തിനനുസരിച്ചാണ് കരാറുകാർ പണമടക്കേണ്ടത് . GST നിയമമനുസരിച്ചു എല്ലാ നികുതികളും അടക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. ടെണ്ടറിൽ കാണിച്ചിരിക്കുന്ന റബ്ബർ ഉൽപ്പന്നത്തിന്റെ തൂക്കം ഉദ്ദേശമാണ്.
10. ടെണ്ടറിൽ പങ്കെടുക്കുന്നവർ ഏററവും ചുരുങ്ങിയത് ഒരു ട്രക്ക് ലോഡിനടുത്ത് 09 -15 M. T. അല്ലെങ്കിൽ ടെണ്ടർ നോട്ടീസിൽ കാണിച്ചിരിക്കുന്ന തൂക്കത്തിന്റെ 50 ശതമാനമോ ഏതാണ് കുറവ് എന്നുവച്ചാൽ ആ തൂക്കം കരാറുകാരൻ ടെണ്ടറിൽ കോട്ട് ചെയ്തിരിക്കണം.
11. റബ്ബർ ഉൽപന്നങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് ഡെലിവറി ഓർഡർ തീയതി മുതൽ 10 ദിവസം വരെ സമയം അനുവദിക്കുന്നതാണ്. അതിനുശേഷം വരുന്ന ഓരോദിവസത്തിനും ടണ്ണിന് 10/- രൂപ വീതം ഗോഡൗൺ ചാർജ് ഈടാക്കുന്നതാണ്.
12. ഇ-ദർഘാസ് മുഖേന സമർപ്പിച്ചതായ ടെണ്ടറുകൾ സ്വമേധയാ പിൻവലിക്കുവാൻ അവകാശം ഉണ്ടായിരിക്കുകയില്ല.
13. ഇ- ദർഘാസ് മുഖേന സമർപ്പിച്ചതായ ഏതൊരു വാഗ്ദാനവും, യാതൊരു കാരണവും കാണിക്കാതെ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള പൂർണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
14. ടെണ്ടർ സമർപ്പിക്കുന്ന ആൾ/ സ്ഥാപനം ടെണ്ടർ വ്യവസ്ഥകൾ പൂർണ്ണമായി വായിച്ചു മനസിലാക്കി അംഗീകരിച്ചു കൊണ്ടാണ് ഇ- ദർഘാസ് മുഖേന ടെണ്ടർ സമർപ്പിക്കുന്നതെന്നും ടെണ്ടർ നടപടിക്രമങ്ങളിൽ പങ്കെടുക്കുന്നതെന്നും കണക്കാക്കുന്നതും തുടർനടപടിക്രമങ്ങൾ സ്വീകരിക്കുന്നതുമാണ്.
15. ടെണ്ടർ നോട്ടീസിൽ പറഞ്ഞിരിക്കുന്ന തീയ്യതിയിൽ ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നടത്തുന്നതായിരിക്കും.
16. ഇ-ദർഘാസ് ബന്ധപ്പെട്ട് എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയത് കോട്ടയം അധികാര പരിധിയായ കോടതികളിൽ മാത്രമായിരിക്കുന്നതാണ്.
17. അൺപ്രോസസ്സ് റബ്ബർ ഉൽപന്നങ്ങളുടെ കാര്യത്തിൽ പിറ്റ് റിക്കവറി സ്ലഡ്ജ് ഉള്ളത് ഒഴികെ വില്പനയുടെ തുക കണക്കാക്കുന്നത് DRC യുടെ അടിസ്ഥാനത്തിൽ ആയിരിക്കും.
18. ഡി.ആർ.സി. കോർപ്പറേഷന്റെ ലാബിൽ ടെസ്റ്റ് ചെയ്യുന്നതായിരിക്കും. ഡി.ആർ.സി യുടെ കാര്യത്തിൽ തർക്കം ഉണ്ടാകുകയാണെങ്കിൽ തർക്കം ഉണ്ടാകുന്ന ഡി.ആർ.സി എടുത്ത ഉൽപ്പന്നത്തിന്റെ സാമ്പിൾ വീണ്ടും ലാബിൽ ടെസ്റ്റ് ചെയ്ത് പുതിയ ഡി.ആർ.സി എടുക്കുകയും ആയത് അന്തിമമായിരിക്കുന്നതുമാണ്.
19. ഇ-ടെൻഡർ ഒറിജിനൽ രേഖകളും പി സി കെ ഹെഡ് ഓഫീസ്, കോട്ടയത്ത് സമർപ്പിക്കേണ്ടതാണ്. ദർഘാസ് സമർപ്പിക്കുന്നതിനും തുറക്കുന്നതിനുമുള്ള തീയ്യതിയും സമയവും ചുവടെ ചേർക്കുന്നു.

| യൂണിറ്റ് | ഇ - ദർഘാസ് സമർപ്പിക്കുവാനുള്ള തീയതിയും സമയവും | ഇ -ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട തീയതിയും സമയവും | ഇ-ഓക്ഷൻ തുടങ്ങുന്ന സമയം | ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും |
|---|---|---|---|---|
| കൊടുമൺ ഫാക്ടറി | 02.06.2026, 12.00 P M | 03.06.2026, 10.30 AM | 03.06.2026 12.00 PM to 12.45 PM | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 03/06/2026, 02.00 PM (ഓക്ഷന് ശേഷം) |
| TSR ഫാക്ടറി | 02.06.2026, 12.00 P M | 03.06.2026, 10.30 AM | 03.06.2026 12.45 PM to 01.30 PM | |

20. ഒപ്പുവെച്ച ടെൻഡർ കണ്ടിഷൻ, റബ്ബർ ബോർഡ് ലൈസൻസിന്റെ കോപ്പി മുതലായവയും ഡിമാൻഡ് ഡ്രാഫ്റ്റും അടങ്ങിയ സീൽഡ് കവർ ഏത് ഇനത്തിൻറെ ടെണ്ടർ ആണെന്ന് കവറിൻറെ മുകളിൽ പ്രത്യേകം രേഖപ്പെടുത്തി ജനറൽ മാനേജർ (സി) പ്ലാൻറെഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം 4 എന്ന മേൽ വിലാസത്തിൽ മാർക്കറ്റിംഗ് ഡിപ്പാർട്മെന്റിൽ . നിശ്ചിത സമയത്തിന് ന് മുൻപ് ലഭിച്ചിരിക്കേണ്ടതാണ്.
21. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവർത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം രാവിലെ 10.30-ന് ദർഘാസുകൾ തുറക്കുന്നതായിരിക്കും.
22. ഇ-ദർഘാസ്/ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വിൽപന വില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലായെന്ന് കാണുന്ന പക്ഷം, ടെൻഡർ തീയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
23. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ മാർക്കറ്റിങ് ഡിപ്പാർട് മെന്റിൽനിന്നും അറിയാവുന്നതാണ് കൂടാതെ Visit: www.pcklimited.in/www.e-tenders.kerala.gov.in Mob No: 9496076003 , 8590450298, 9188074691

**S/d**

**ജനറൽ മാനേജർ (സി)**